# കാത്തിരിപ്പ്

കേൾക്കുവിൻ കോവിഡിൻ കാലത്ത് - കൂട്ടരേ
സത്യമെന്നൊന്ന് മറന്നിടരുത്.
വൈറസ് മഹാമാരി പടരുന്ന കാലം.
ഒരുമിച്ച് ജാഗ്രത പാലിച്ചിടാം.

ഉദയത്തിൽ നിന്നാം സങ്കടമേറ്റ്
നിപയെയും നമ്മൾ തുരത്തിവിട്ടു
പതറാതെ നമ്മുടെ സർക്കാരുമൊന്ന്
പതിനായിരങ്ങൾ നിരന്നു നിന്നു.

ഭീകരരൂപിയാം കോവിഡിനെ
വരുതിയിലാക്കാൻ ശ്രമിക്കുന്നവർ
ആരോഗ്യപാലകർ പോലീസുകാർ - പിന്നെ
നീളുന്ന വലിയൊരു പട്ടികയും

ലോകമൊന്നാകെ സഞ്ചരിച്ചിടുന്ന
നോവൽ കൊറോണാ വൈറസിനെ നാം.
ഒന്നിച്ചു ചേർന്ന് ഉന്മൂലനമാക്കാം.
വീട്ടിലിരിക്കാം സുരക്ഷിതരാകാം.

ഒന്നുപോലായ് ഈ നാളുകൾ
മറ്റും മറഞ്ഞിടും ഈ ദിനവും.
നാളെ വരും നല്ല നാളുകൾ വരും.
വിജയം ലഭിക്കുന്ന സുദിനം വരും.